# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in&kauagmet@yahoo.co.in

## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## തൃശ്ശൂർജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 27/2020(54), വെള്ളിയാഴ്ച  തീയ്യതി 03.07.2020

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 126 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 29.8 മുതൽ 32.0 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 22.6 മുതൽ 24.1 ഡിഗ്രിസെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 85 മുതൽ 99 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 66 മുതൽ 87 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.4 മുതൽ 1.4 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 2.0 മുതൽ 4.7 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 1.8 മുതൽ 2.8 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 04.07.2020 | 05.07.2020 | 06.07.2020 | 07.07.2020 | 08.07.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 21 | 18 | 10 | 11 | 8 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 4 | 4 | 6 | 6 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 250 | 270 | 290 | 290 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 8 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ വരും ദിവസങ്ങളിൽ മഴയുടെ തീവ്രത കുറഞ്ഞുവരാൻ സാധ്യത. | | | | | |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ: കാർഷിക വിളകളെ മഴക്കാല രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി കൃഷിയിടങ്ങളിൽ മതിയായ നീർവാർച്ച സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക.** | | |
| നെല്ല് | ഞാറുപരുവം | നെല്ലിലെ സൂക്ഷ്മ മൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി നെല്ലിന്റെ സമ്പൂർണ്ണ 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. |
| തെങ്ങ് | പരിചരണം | തടം തുറക്കുക. തടം തുറന്ന ഒരോ തെങ്ങുകൾക്കും ഒരു കിലോ കുമ്മായം വീതം ഇട്ടുകൊടുക്കുക. |
| വാഴ | പിണ്ടിപ്പുഴു | വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണത്തിന് മുൻകരുതലായി 50 ഗ്രാം വേപ്പിൻപിണ്ണാക്ക് പൊടിച്ചത് ഇലക്കവിളുകളിൽ ഇട്ടുകൊടുക്കാവുന്നതാണ്. |
| പച്ചക്കറികൾ | പരിചരണം | പച്ചക്കറികളിലെ സൂക്ഷ്മമൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി പച്ചക്കറിയുടെ സമ്പൂർണ്ണ 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. |
| മൃഗസംരക്ഷണം | കൊതുക് മുട്ടയിട്ട് പെരുകുന്നത് തടയാൻ തൊഴുത്തും പരിസരവും വൃത്തിയാക്കി വെയ്ക്കുവാനും, വെള്ളക്കെട്ട് ഇല്ലാതിരിക്കാനും ശ്രദ്ധിക്കുക. ചാണാക്കുഴികള ിൽ മഴ നേരിട്ട് വീഴാതെ മൂടിവെക്കുക. | |